**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6184 10.7.2012-ൽ മറുപടിയ്ക്ക്**

<u>മുട്ട, പാൽ, പച്ചക്കറി, മാംസം എന്നിവയുടെ ഉല്പാദനം</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ്<br>,, റ്റി.യു. കുരുവിള | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) | മുട്ട, പാൽ, പച്ചക്കറി, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ; | എ) | അനുബന്ധം I - ൽ കണ്ടാലും |
| ബി) | ഈ മേഖലയിൽ ജോലി ചെയ്യുന്ന കൃഷിക്കാർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | അനുബന്ധം 2 - ൽ കണ്ടാലും |
| സി) | ഈ മേഖലയിലേയ്ക്ക് യുവകർഷകരെ ആകർഷിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | സി) | അനുബന്ധം 3 - ൽ കണ്ടാലും |

Seela

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

സംസ്ഥാനത്തിൽ കോഴിമുട്ട, കോഴിയിറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൗൾട്രി വികസന കോർപ്പറേഷൻ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതികളാണ് കെപ്കോ ഗ്രാമങ്ങൾ, കോഴി വളർത്തൽ ഗ്രാമങ്ങൾ, വീട്ടമ്മയുടെ അരുമക്കോഴികൾ, ഗ്രാമെ നിറയെ കോഴികൾ, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ്, "കെപ്കോ നഗരപ്രിയ"
.

പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളാണ് കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, കേന്ദ്ര സഹായ പദ്ധതിയായ ആർ.കെ.വി.വൈ, ക്ഷീര സംഘങ്ങളെ സഹായിക്കുന്നതിനുള്ള വിവിധ പദ്ധതികൾ, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ വിവിധ പദ്ധതികൾ.

സംസ്ഥാനത്ത് ആവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉൽപാദിപ്പിക്കുന്നതിന് 42.5 കോടി രൂപയുടെ ബൃഹത്തായ സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് കൃഷി വകുപ്പ് രൂപം നൽകിക്കഴിഞ്ഞു.

കൂടാതെ ആർ.കെ.വി.വൈ പദ്ധതി പ്രകാരം 2800 ഹെക്ടർ കൃഷി സ്ഥലത്ത് വാഴ, പച്ചക്കറികൾ, കിഴങ്ങു വിളകൾ എന്നിവയുടെ കരാർ അടിസ്ഥാനത്തിലുള്ള കൃഷിയും ഈ വർഷം ചെയ്യുന്നുണ്ട്. അതിന് കർഷകനും ഉടമസ്ഥനുമായി ആകെ 940 ലക്ഷം രൂപ ആനുകൂല്യം നൽകുന്നുണ്ട്.

കന്നുകുട്ടികൾ ജനിയ്ക്കുമ്പോൾ തന്നെ രജിസ്റ്റർ ചെയ്ത് രണ്ട് മാസം മുതൽ 30 മാസം വരെയുള്ള കാലയളവിൽ സൗജന്യനിരക്കിൽ തീറ്റ, വിരമരുന്ന്, ആരോഗ്യ പരിപാലനം, ഇൻഷുറൻസ് പരിരക്ഷ എന്നിവ നൽകി ശാസ്ത്രീയമായി വളർത്തി ഉത്പാദനക്ഷമത കൂടിയ പശുക്കളാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കുന്നതു വഴി പാലുത്പാദനം വർദ്ധിയ്ക്കുന്നു. ഇതിനായി 2500 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം നീക്കി വച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകൾ ശക്തിപ്പെടുത്തി കോഴി, ആട്, പന്നി എന്നിവ കൂടുതലായി കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി 700 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ഇതു കൂടാതെ ആട്, പന്നി, മുയൽ, ടർക്കി എന്നിവയുടെ സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതു വഴി ഇവയുടെ എണ്ണം വർദ്ധിപ്പിയ്ക്കാൻ സഹായകരമാകും..മാംസോത്പാദനം വർദ്ധിപ്പിയ്ക്കുന്നതിനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

Seela

സെക്ഷൻ ഓഫീസർ

അനുബന്ധം -2

കെപ്കോയ്ക്ക് വേണ്ടി കോഴികളെ വളർത്തി നൽകുന്ന കർഷകർക്ക് 2011-12 സാമ്പത്തിക വർഷത്തിൽ വളർത്തു കൂലിയായി 42,13,361 രൂപ നൽകിയിട്ടുണ്ട്.കൂടാതെ കെപ്കോ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 134316 വീട്ടമ്മമാർക്ക് 450531 കോഴികളെയും, 780 ടൺ തീറ്റയും നൽകിയിട്ടുണ്ട്.

ക്ഷീര സംഘങ്ങളിലൂടെ പശുവളർത്തുന്ന ക്ഷീര കർഷകർക്ക് വിവിധ പദ്ധതികളിലൂടെ പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ത്രിതല സംവിധാനത്തിലൂടെ വിവിധങ്ങളായ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

കർഷകർക്ക് 2011-12 -ൽ രൂപീകരിച്ച 347 നിലവിലുള്ള ക്ലസ്റ്ററുകൾക്ക് ഹെക്ടറിന് 15,000/- രൂപ നിരക്കിലും 712 പുതിയ ക്ലസ്റ്ററുകൾക്ക് ഹെക്ടറിന് 22,500/- രൂപ നിരക്കിലും സഹായധനം നൽകുന്നതാണ് ക്ലസ്റ്ററുകൾക്ക് ഹരിത ഫണ്ടായി 2,000/- രൂപ വീതം വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ 1500 പമ്പ് സെറ്റുകൾക്ക് 10,000/- രൂപ നിരക്കിലും 1500 സസ്യസംരക്ഷണ ഉപകരണങ്ങൾക്ക് 1500/- രൂപ നിരക്കിലും ധനസഹായം നൽകുന്നതാണ്. കൂടാതെ ക്ലസ്റ്ററുകളിൽ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ഒരു ഇന്നവേഷൻ ഫണ്ടും ജില്ലകളിൽ ലഭ്യമാക്കും.

മൃഗസംരക്ഷണ മേഖലയിലെ കൃഷിക്കാർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.സൗജന്യ മൃഗചികിത്സാ സേവനം

2.സൗജന്യ കൃത്രിമ ബീജസങ്കലന പദ്ധതി

3.പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സൗജന്യനിരക്കിൽ തീറ്റ, വിരമരുന്ന്, ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ എന്നിവ നൽകുന്ന പദ്ധതി

4.കറവപശുക്കൾക്ക് പാലുത്പാദനം കൂട്ടുന്നതിനായി സൗജന്യമായി വിരമരുന്നും ധാതുലവണമിശ്രിതവും നൽകുന്ന പദ്ധതി.

5.സൗജന്യ വന്ധ്യതാ നിവാരണ ക്യാമ്പുകൾ

6.മൃഗങ്ങൾക്കും പക്ഷികൾക്കുമുള്ള പ്രതിരോധ കുത്തിവയ്പ്

7.മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി സൗജന്യ പരിശീലന ക്ലാസുകൾ

8.സൗജന്യനിരക്കിൽ കോഴി, ആട്, പന്നി, ടർക്കി, മുയൽ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി.

9.സൗജന്യനിരക്കിൽ പ്രീമിയം നൽകി മൃഗങ്ങളെ ഇൻഷർ ചെയ്യുന്ന പദ്ധതി.

10.തീറ്റപുൽ ഉത്പാദനത്തിനാവശ്യമായ പുൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.

Seela

സെക്ഷൻ ഓഫീസർ

അനുബന്ധം -3

കോഴി വളർത്തൽ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിന് വേണ്ടി ഇന്റഗ്രേഷൻ പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ക്ഷീരമേഖലയിൽ യുവ കർഷകരെ ആകർഷിക്കുന്നതിന് വേണ്ടി വ്യവസായികാടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾ, തീറ്റപ്പുൽ കൃഷി, ക്ഷീരോല്പന്ന നിർമ്മാണം എന്നീ വിഷയങ്ങളിൽ യുവകർഷകർക്ക് ട്രെയിനിംഗ് നൽകുകയും വകുപ്പിന്റെ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ മുൻഗണന നൽകി വരുകയും ചെയ്യുന്നു.

സ്കൂളുകൾ തിരഞ്ഞെടുത്ത് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ പച്ചക്കറി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. വലിയ തോതിൽ പച്ചക്കറി കൃഷി നടത്താൻ സൗകര്യമില്ലാത്ത നഗരങ്ങളിലെ ജനങ്ങളെ പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും തൃശ്ശൂർ, കൊല്ലം കോർപ്പറേഷനുകളിലും പച്ചക്കറി തൈകളോടുകൂടിയ ഗ്രോ ബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതാണ്. മാധ്യമങ്ങൾ/പ്രസിദ്ധീകരണങ്ങൾ വഴി പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം നടത്തും. ഇതു കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ ഗൃഹങ്ങളിൽ കൃഷി ചെയ്യുന്നതിനായി പച്ചക്കറി വിത്ത് പാക്കറ്റുകൾ നൽകാൻ വിഭാവനം ചെയ്തിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള ക്ലസ്റ്ററുകൾക്കും പുതിയവയ്ക്കും സഹായ ധനം നൽകുന്നുണ്ട്.
മൃഗസംരക്ഷണ മേഖലയിൽ യുവകർഷകരെ ആകർഷിയ്ക്കുന്നതിനായി താത്പര്യമുള്ള യുവ സംരംഭകരെ കണ്ടെത്തുന്നതിനായി 'സംരംഭക സംഗമങ്ങൾ' നടത്തുന്നതിന് താത്പര്യമുള്ള സംരംഭകർക്ക് അവരുടെ അഭിരുചിയ്ക്കനുസരിച്ച് പ്രത്യേക മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. മൃഗസംരക്ഷണ മേഖലയിലെ യുവകർഷകരിൽ നിന്നും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മികച്ച യുവകർഷകനെ തെരഞ്ഞെടുത്ത് അവാർഡ് നൽകി ആദരിക്കുന്നതിനും അപ്രകാരം യുവകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

Seele

സെക്ഷൻ ഓഫീസർ